(iii) പിറവം സബ്. സ്റ്റേഷന്റെ പണി

ശ്രീ. ഗോപി കോട്ടമുറിക്കൽ: സർ, പിറവം മുനിസിപ്പൽ പ്രദേശത്ത് ഇന്ന് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം അടിയന്തിരമായിട്ട് പരിഹരിക്കാൻ വളരെ നാളുകളായി അവിടെ പണി പൂർത്തിയാകാതെ കിടക്കുന്ന സബ് സ്റ്റേഷന്റെ നിർമ്മാണം വളരെ പെട്ടെന്ന് പൂർത്തിയാക്കി ഞങ്ങളെ രക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, പിറവം മുനിസിപ്പാലിറ്റിയിലും പരിസരപ്രദേശത്തുമുള്ള വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരം കുറഞ്ഞു പോകാൻ കാരണമായേക്കാവുന്ന മാറ്റമൊന്നും സമീപകാലത്ത് വരുത്തിയിട്ടില്ല. വൈദ്യുതി പ്രസരണമേഖലയിലെ വോൾട്ടേജ് കുറവു കൊണ്ടുള്ള പ്രശ്നമാണ് ഇപ്പോഴും പിറവത്തും സമീപപ്രദേശത്തും അനുഭവപ്പെടുന്നത്. ഇത് സംസ്ഥാനത്ത് പൊതുവേയുള്ള ഒരു പ്രശ്നമാണ്. പിറവത്തു സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ള 110 കെ. വി. സബ് സ്റ്റേഷന്റെ പണി പൂർത്തിയായിക്കഴിയുമ്പോൾ, പിറവത്തെ വോൾട്ടേജ് കുറവ് ഗണ്യമായി പരിഹരിക്കാൻ കഴിയും. ഈ സബ് സ്റ്റേഷൻ 1991-92-ൽ പ്രവർത്തനക്ഷമമാകത്തക്ക വിധത്തിൽ പണിയാരംഭിച്ചിട്ടുണ്ട്. കൺട്രോൾ റൂമിന്റെ പണിയും ഏകദേശം പൂർത്തിയായി. ഉപകരണങ്ങൾ സ്ഥാപിക്കുന്ന ജോലികളും 110 കെ. വി. സബ് സ്റ്റേഷന്റെ ജോലികളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സബ് സ്റ്റേഷൻ കമ്മീഷൻ ചെയ്യുന്നതോടൊപ്പം വിതരണശൃംഖല ആവശ്യാനുസരണം മെച്ചപ്പെടുത്താനുദ്ദേശിക്കുന്നു.

(iv) കരുവാറ്റൂർ കെ.സി.എം.യു.പി.സ്കൂളിലെ അദ്ധ്യാപകരുടെ ശമ്പളം

ശ്രീമതി ലീലാദാമോദര മേനോൻ: പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം വിദ്യാഭ്യാസ സബ് ജില്ലയിൽ കെ. സി. എം. യു. പി. സ്കൂളിൽ 1988-89-ൽ നിലവിലുണ്ടായിരുന്ന ഏഴു പോസ്റ്റുകൾക്ക് പുറമേ, മൂന്നു പോസ്റ്റുകൂടി പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർ അനുവദിക്കുകയുണ്ടായി. മൂന്ന് അദ്ധ്യാപകരെ അവിടെ നിശ്ചയിച്ചിട്ട്, അവർക്ക് ഒരു വർഷം ശമ്പളം നൽകുകയും ചെയ്തു. അതോടൊപ്പം ഒരാളെക്കൂടി നിശ്ചയിക്കാൻ വീണ്ടും ഉത്തരവുണ്ടായി. അതിനുശേഷം ഒരു ആഡിറ്റ് ഒബ്ജക്ഷൻ ഉണ്ട് എന്നു പറഞ്ഞുകൊണ്ട് നിയമനങ്ങൾ തെറ്റാണെന്നു പറയുകയും വീണ്ടും അതിനെക്കുറിച്ച് അന്വേഷണം നടത്തിയതിനുശേഷം ആ ആഡിറ്റ് ഒബ്ജക്ഷൻ വേവ് ചെയ്യുകയും ചെയ്തു. എന്നിട്ടും ഇന്നും ആ അദ്ധ്യാപകർക്ക് ശമ്പളം കിട്ടിയിട്ടില്ല. അവർക്ക് ഒന്നരക്കൊല്ലമായി ശമ്പളം കിട്ടിയിട്ട് എന്നുള്ള അവരുടെ ദുഃസ്ഥിതി പരിഗണിച്ചുകൊണ്ട് അടിയന്തിരമായി അവർക്ക് നീതി നൽകാൻ നടപടിയെടുക്കണമെന്ന് ഗവൺമെന്റിനോട് അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly